B



# സമഗ്ര ശിക്ഷ, കേരളം

# വാർഷിക മൂല്യനിർണയം 2018-19

## മലയാളം

ക്ലാസ് : 5 | **കേരളപാഠാവലി** | സമയം: 2 മണിക്കൂർ

### നിർദേശങ്ങൾ

1. മൂല്യനിർണയപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസസമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസിലാക്കാനുള്ളതാണ്.
2. താഴെക്കൊടുത്തിട്ടുള്ള ആറു പ്രവർത്തനങ്ങളിൽ ഒന്നാമത്തെ പ്രവർത്തനത്തിന് നിർബന്ധമായും ഉത്തരം എഴുതണം. രണ്ടു മുതൽ ആറു വരെ പ്രവർത്തനങ്ങളിൽ നാല് പ്രവർത്തനങ്ങൾക്ക് ഉത്തരം എഴുതിയാൽ മതി.

---

**പ്രവർത്തനം 1 - വായിക്കാം എഴുതാം**

കവിത വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക

"ഓരോ മുറ്റവും മെഴുകിമിനുക്കിക്കൊ-
ണ്ടോണനിലാവു പരന്നരാവിൽ
അത്താഴപ്പിൻ പരക്കാതം നടക്കുവാൻ
മുറ്റത്തിറങ്ങവേ, കേട്ടു ഞാൻ:
മുത്തശ്ശിയമ്മയ്ക്കു തൊണ്ണൂറാം കാലത്ത്
മുത്തരിപ്പല്ലു മുളച്ചുല്ലോ..
പുത്തരിയവിലുകൊറിക്കാലോ ഇനി
വെറ്റിലപ്പാക്കും ചവയ്ക്കാലോ
മുറ്റത്തെ മുല്ലക്കു ചുറ്റും നിന്നാക്കളി-
ക്കുട്ടികൾ കൈകൊട്ടിപ്പാടുന്നു.
പാട്ടിന്നിളനീർ നുണഞ്ഞിട്ടോ, കുളുർ-
കാറ്റൊന്നു, മുട്ടിയുരുമ്മീട്ടോ
കോരിത്തരിച്ചേ നിന്നല്ലോ, നിലാ-
ക്കോടിയുടുത്തോരരിമുല്ല!"

(ഒ.എൻ.വി)

1. ഓരോ മുറ്റവും മെഴുകിമിനുക്കിയത് ആരാണ്?
   (മുത്തശ്ശി, ഓണനിലാവ്, വെയിൽ)
2. രാത്രി നടക്കാനിറങ്ങിയ കവി എന്താണു കേട്ടത്?
   (മുറ്റം, ഒഴുകുന്ന ശബ്ദം, മുത്തശ്ശിയമ്മക്ക് മുത്തരിപ്പല്ലു മുളച്ചു എന്നത്, കാറ്റിന്റെ ശബ്ദം)
3. മുല്ലയ്ക്കു ചുറ്റും നിന്ന് ആരാണ് കൈകൊട്ടിപ്പാടിയത്?
   (കുട്ടികൾ, പൂക്കൾ, കവി)
4. ആരാണ് കോരിത്തരിച്ചു നിന്നത്?
   (കുളിർകാറ്റ്, പൂന്തോട്ടം, അരിമുല്ല)
5. ഈ കവിതയിൽ രാത്രി ഭക്ഷണം എന്നതിനു പകരം ഉപയോഗിച്ചിരിക്കുന്ന വാക്ക് ഏതാണ്?
   (അത്താഴം, പാക്ക്, ഇളനീർ)

**പ്രവർത്തനം - 2 പ്രസംഗം തയാറാക്കാം**

*പാഴ്ചളികൊണ്ടെൻ മരണം വരെ ഞാൻ*
*പവിഴപ്പാൽക്കുല വിളയിക്കും.* (അക്കിത്തം അച്യുതൻ നമ്പൂതിരി)

അധ്വാനത്തോടുള്ള താല്പര്യം സൂചിപ്പിക്കുന്ന വരികൾ വായിച്ചല്ലോ. ബാലസഭയിൽ അവതരിപ്പിക്കുന്നതിനുവേണ്ടി കുട്ടികൾക്ക് അധ്വാനത്തിന്റെ മഹത്വം ബോധ്യപ്പെടുത്തുന്നതിനു സഹായകമായ പ്രസംഗം എഴുതി തയാറാക്കൂ.

**പ്രവർത്തനം - 3 വിശദീകരണക്കുറിപ്പ്**

*"കുണ്ടുകിണറ്റിൽ തവളക്കുഞ്ഞിന്*

*കുന്നിൻമീതെ പറക്കാൻ മോഹം"*

ഈ ആശയം വരുന്ന പഴഞ്ചൊല്ല് താഴെ കൊടുത്തവയിൽ ഏതാണ്?

എ) ഒരുമ തന്നെ പെരുമ.

ബി) അതിമോഹം ആപത്ത്.

സി) വിള പുറത്തിട്ട് വേലി കെട്ടരുത്.

മുകളിൽ കൊടുത്തവയിൽ നിന്നും ഇഷ്ടപ്പെട്ട ഏതെങ്കിലും ഒരു പഴഞ്ചൊല്ല് തിരഞ്ഞെടുത്ത് അത് വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

**പ്രവർത്തനം - 4 ആസ്വാദനക്കുറിപ്പ്**

**ജീവമലയാളം**

*കുഞ്ഞു വളരുവാൻ അമ്മനൽകും*
*അമ്മിഞ്ഞപ്പാലാണ് മലയാളം*
*മാറിൽച്ചേർത്തു തഴുകീടുമ്പോൾ*
*മധുരം ചുരത്തും മലയാളം*
*ഉണ്ണിക്കുറങ്ങുവാൻ കൂട്ടുപോകും*
*താരാട്ടുപാട്ടാണ് മലയാളം*
*കുഞ്ഞിക്കിനാക്കൾ പറന്നുയരും*
*ആകാശമാകുന്നു മലയാളം*
*ചിന്തകൾ നീന്തിത്തുടിച്ചിടുന്ന*
*ആഴിപ്പരപ്പാണ് മലയാളം*
*തേനും വയമ്പും പുരട്ടിനാവിൽ*
*അക്ഷരം കൊത്തുന്നു മലയാളം*
*നാടിന്റെ നാഡിമിടിപ്പറിയും*
*ജീവന്റെ ജീവനി മലയാളം"*

(എടപ്പാൾ സി. സുബ്രഹ്മണ്യൻ)

മലയാളഭാഷ മലയാളിയുടെ ജീവിതം തന്നെയെന്ന് കവി പറയുന്നു. എങ്ങനെയെല്ലാമാണ് കവി ഇത് പറഞ്ഞിട്ടുള്ളത് എന്ന് നിങ്ങൾക്ക് മനസിലായല്ലോ. ഒരു ആസ്വാദനക്കുറിപ്പ് തയാറാക്കൂ.

**പ്രവർത്തനം - 5 അഭിമുഖചോദ്യാവലി**

'മയിൽപ്പീലിസ്പർശം' എന്ന കഥ മൃഗങ്ങളുടെ പരസ്പരസ്നേഹത്തിന്റെയും സഹകരണത്തിന്റെയും കഥയാണ്. ഈ കഥയിലെ ഉണ്ണിമായ എന്ന കഥാപാത്രം ചിലപ്പോൾ കഥാകാരി തന്നെയാകാം. ബാല്യകാലാനുഭവങ്ങളിൽ നിന്നും രൂപപ്പെട്ട സ്വപ്നങ്ങളാണ് എന്റെ കഥകൾ എന്ന് കഥാകാരി പറയുന്നുണ്ട്. 'അഷിത' എന്ന കഥാകാരിയെക്കുറിച്ചും അവരുടെ രചനകളെക്കുറിച്ചും നിങ്ങൾക്ക് കൂടുതൽ കാര്യങ്ങളറിയേണ്ടേ?

അതിനായി ഒരു അഭിമുഖ ചോദ്യാവലി തയാറാക്കൂ.

(കുറഞ്ഞത് 5 ചോദ്യങ്ങളെങ്കിലും ഉണ്ടായിരിക്കണം.)

**പ്രവർത്തനം - 6 താരതമ്യക്കുറിപ്പ്**

*'എന്റെ മുടി മെല്ലെ കൊഴിഞ്ഞ് തുടങ്ങി. പതുക്കെ, പതുക്കെ ഞാൻ പൂർണമായും മൊട്ടയായി. സ്വന്തം ശരീരം ഉടഞ്ഞുപോകുന്നത് സ്വയം അറിയുമ്പോൾ ഞാൻ ഉള്ളാലെ പിടഞ്ഞു. എത്രയൊക്കെ ചിരിക്കാനും ചിരിപ്പിക്കാനും ശ്രമിച്ചിട്ടും അതിനൊക്കെ മുകളിൽ കരച്ചിലിന്റെ മേഘങ്ങൾ കനത്തുനിന്നു.'*

ഇന്നസെന്റിന്റെ ഈ മാനസികാവസ്ഥയും 'കാൻസർ വാർഡിലെ ചിരി' എന്ന പാഠഭാഗത്തെ ആശയവും താരതമ്യം ചെയ്ത് കുറിപ്പ് തയാറാക്കുക.